റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പദ്ധതിപ്രകാരം 10-2-2016 വരെ 3,94,038 സെയിൽസ് ബില്ലുകളിലായി 97.54 കോടി രൂപ സബ്സിഡിയിനത്തിൽ കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്.

(ഇ&എഫ്) ഈ സർക്കാർ അധികാരമേറ്റശേഷം റബ്ബർ വിലയിടിവ് മൂലമുള്ള സാമ്പത്തിക പ്രയാസം കാരണം കർഷകർ ആത്മഹത്യ ചെയ്തതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

തിരൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ

191 (1566) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റ ശേഷം കൃഷി വകുപ്പ് തിരൂർ നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെ, ഓരോ പദ്ധതിക്കും ഇതേവരെ എത്ര രൂക ചെലവഴിച്ചു ; വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

ജൈവകൃഷി പ്രോൽസാഹിപ്പിക്കുവാൻ നടപടി

192 (1567) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ ;

(ബി) എൻഡോസൾഫാൻ ഉൾപ്പെടെയുള്ള മാരക വിഷം തളിച്ച പഴങ്ങളും, പച്ചക്കറികളും സംസ്ഥാനത്ത് വിപണനം നടത്തുന്നത് തടയുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) കൃഷിയോഗ്യമായ ഭൂമി തരിശായി ഇടുന്നത് തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്;

(ഡി) തരിശുഭൂമി പിടിച്ചെടുത്ത് കൃഷി ചെയ്യുവാൻ സന്നദ്ധരായവർക്ക് പാട്ടത്തിന് നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly